615/21

DESPATCHED
On. 22/06/21

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
**ഫോൺ: 0471 2335199, ഫാക്സ്: 0471 2330920**
**E-mail: sic.ker@nic.in**

**ഹർജി നമ്പർ AP No. 320(1)/2021/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 3944/SIC-G4/2021)**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**
**തീയതി 2021 മേയ് 6**

ശ്രീ. റ്റി. ജോസ് മാത്യു,
തുടിയംപ്ലാക്കൽ വീട്,
ഇടപ്പാടി പി.ഒ., പാല,
കോട്ടയം – 686 578
} അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
റവന്യൂ ഓഫീസർ,
തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ,
തൃശ്ശൂർ.

2) അപ്പീൽ അധികാരി & ഡെപ്യൂട്ടി സെക്രട്ടറി,
തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ,
തൃശ്ശൂർ.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 24/12/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 12/01/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 20/01/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 28/01/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 20/03/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 20/03/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 30/03/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 28/04/2021 |
| ഹിയറിംഗ് നടന്ന തീയതി | 06/05/2021 (ആഡിയോ ഹിയറിംഗ്) |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. റ്റി. ജോസ് മാത്യു, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് അപൂർണ്ണമായ മറുപടിയാണ് ഒന്നാം എതിർകക്ഷി നൽകിയതെന്നും

ടി മറുപടിയ്ക്കെതിരെ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ നൽകിയെന്നും ആയതിനും കൃത്യമായ മറുപടി നൽകിയില്ല എന്നും ടിയാന്റെ വിവരാവകാശ അപേക്ഷയിലെ രണ്ടും മൂന്നും ചോദ്യത്തിന് മറുപടി നൽകിയില്ല എന്നും മറ്റുമാണ്.

2. 24/12/2020 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള പള്ളിക്കുളത്തെ ബി.ക്യു-3 എന്ന ക്വാർട്ടേഴ്സ് ടിയാന് അനുവദിച്ചിരുന്നതും അതിന്റെ വാടകയുടെ കുടിശ്ശിക 2017 സെപ്റ്റംബറിൽ നഗരസഭ കാര്യാലയത്തിൽ അടച്ചിരുന്നതും ആയത് എ.ആർ.ഒ. യെ ഏൽപ്പിച്ചിട്ടും വരവു വച്ചതായി കാണുന്നില്ല എന്നും ആയതു സംബന്ധിച്ച് താഴെ പറയുന്ന വിവരങ്ങൾ ലഭ്യമാക്കണമെന്നുമാണ്:

1) 2017-ൽ ടിയാൻ 41,116/- രൂപ അടച്ച രസീതിന്റെ പകർപ്പ് നൽകണമെന്നും
2) ടി ഓഫീസിൽ2017 സെപ്റ്റംബർ മാസത്തിൽ എ.ആർ.ഒ. ആയിരുന്ന ഉദ്യോഗസ്ഥന്റെ പേരും മൊബൈൽ നമ്പറും നൽകണമെന്നും
3) മേൽപ്പടി എ.ആർ.ഒ. ഇപ്പോൾ ജോലി ചെയ്യുന്ന നഗരസഭയുടെ പേരും, തസ്തികയും നൽകണമെന്നുമാണ്.

മേൽപ്പടി അപേക്ഷയ്ക്ക് 12.01.2021 തീയതി ഒന്നാം എതിർകക്ഷി നൽകിയ മറുപടി വസ്തുതാപരമല്ലാത്തതിനാൽ മേൽപ്പടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ 20.01.2021 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചു. മേൽപ്പടി അപ്പീൽ അപേക്ഷ 28.01.2021 തീയതി തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, തൃശ്ശൂർ നഗരസഭ റവന്യു രേഖകൾ പരിശോധിച്ചതിൽ ഹർജിക്കാരൻ പള്ളിക്കുളം ബി.ക്യു-3 ക്വാർട്ടേഴ്സിന്റെ വാടകയിനത്തിൽ 47,131/- രൂപ പിഴപ്പലിശ സഹിതം അടവാക്കാനുള്ളതായി കാണുന്നു എന്നും ടി തുക അടവാക്കുന്നതിന് 15.02.2017-ൽ നോട്ടീസ് നൽകിയിട്ടുള്ളതും ടി തുക അടവാക്കിയതായി റവന്യു രേഖകളിൽ ഇല്ലെന്നുമാണ്.

3. രണ്ടാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, നഗരസഭ ബി.ക്യു.3 സ്റ്റാഫ് ക്വാർട്ടേഴ്സ് വാടക അടവാക്കിയത് സംബന്ധിച്ച വിവരങ്ങളാണ് ആവശ്യപ്പെട്ടിരുന്നതെന്നും ടിയാൻ 2017 സെപ്റ്റംബറിൽ വാടക അടവാക്കിയിട്ടുള്ളതായി അപേക്ഷയിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും നഗരസഭാ റവന്യു രേഖകളിലും കമ്പ്യൂട്ടർ സോഫ്റ്റ് വെയറായ 'സാംഖ്യ' യിലും (2017-18 കാലയളവിൽ) ഐ.കെ.എം. സ്റ്റാഫിന്റെ സഹായത്തോടെ പരിശോധന

നടത്തിയതിൽ ടിയാൻ ക്വാർട്ടേഴ്സ് വാടക അടവാക്കിയിട്ടില്ലാത്തതായി കാണുന്നു. മേൽ വിവരങ്ങൾ യഥാക്രമം 12.01.2021–ലും അപ്പീൽ അപേക്ഷയ്ക്ക് 28.01.2021–ലും മറുപടി നൽകിയിട്ടുണ്ടെന്നും എ.ആർ.ഒ. സംബന്ധിച്ച വിവരങ്ങൾ തൃശ്ശൂർ കോർപ്പറേഷൻ ജനറൽ സെക്ഷനിൽ നിന്ന് നൽകിയിട്ടുള്ളതാണെന്നുമാണ്.

4 അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, 2017 സെപ്റ്റംബർ മാസത്തിൽ ക്വാർട്ടേഴ്സിന്റെ വാടക ഇനത്തിൽ അപ്പീൽ ഹർജിക്കാരൻ തുക ഒടുക്കി എ.ആർ.ഒ. മുമ്പാകെ ഹാജരാക്കിയ രസീതി ബന്ധപ്പെട്ട രജിസ്റ്ററിൽ ഉൾപ്പെടുത്തിയില്ല എന്നതാണ് ഹർജിക്കാരന്റെ ആക്ഷേപം എന്നു കാണുന്നു. ആയതുമായി ബന്ധപ്പെട്ട് ഹിയറിംഗിൽ ഹാജരായ എസ്.പി.ഐ.ഒ. ആയ ശ്രീമതി അജിതാ ദേവിയുടെ വിശദീകരണം പര്യാപ്തമല്ലാത്തതിനാൽ ഇക്കാര്യം കോർപ്പറേഷൻ സെക്രട്ടറി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ച പ്രകാരം 2017 സെപ്റ്റംബർ മാസത്തിൽ അപ്പീൽ ഹർജിക്കാരൻ വാടക ഇനത്തിൽ തുക ഒടുക്കിയിരുന്നോ എന്ന് ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ച് അപ്പീൽ ഹർജിക്കാരന്റെ ആവലാതി പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുന്നു. ആയതിലേക്കായി ഈ ഉത്തരവിന്റെ പകർപ്പ് കമ്മീഷൻ സെക്രട്ടറി തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിക്ക് അയച്ചു കൊടുക്കേണ്ടതാണ്.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജിയിലെ നടപടികൾ അവസാനിപ്പിച്ചു കൊണ്ട് ഇന്നേ ദിവസം 2021 മേയ് 6–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്:

Bu..

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

യു.എസ്